**No. CEE/2626/ M.pharm-2020/TA4**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>പത്രക്കുറിപ്പ്</u>

## <u>എം.ഫാം കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2020</u>

## <u>ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്നു.</u>

2020 വർഷത്തെ എം.ഫാം കോഴ്സിലേയ്ക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **04.05.2021** ന് ആരംഭിച്ചു. 22.04.2021 ന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എം.ഫാം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഓൺലൈനായി നൽകാവുന്നതാണ്.

ഓപ്ഷൻ നൽകുന്നതിന് അപേക്ഷാർത്ഥികൾ വെബ്സൈറ്റിലെ **'M.Pharm 2020-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Option Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **04.05.2021** മുതൽ **08.05.2021 വൈകുന്നേരം 4.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

<u>അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിൽ അപാകതകൾ ഉള്ളതുകാരണം ഫലം തടഞ്ഞുവെച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പണം അവസാനിക്കുന്നതിന് ഒരു ദിവസം മുമ്പ് അപാകതകൾ പരിഹരിക്കേണ്ടതണ്. അല്ലാത്തപക്ഷം നൽകിയ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.</u>

കോളേജുകൾ, കോഴ്സുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ്പ്ലൈൻ നമ്പർ: 0471 2525300**

**പ്രവേശനപരീക്ഷാകമ്മീഷണർക്കുവേണ്ടി**

തിരുവനന്തപുരം
03.05.2021